## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂലൈ 21, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

കാർഷിക വായ്പയ്ക്കുള്ള പലിശയിളവ്

T *421. ശ്രീ.സി.മോയിൻ കുട്ടി

,, സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനുള്ള വായ്പയ്ക്ക് കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന പലിശയിളവ് 2015 ജൂൺ മുതൽ അവസാനിപ്പിക്കാൻ പോകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ കാർഷികമേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പലിശരഹിത വായ്പാപദ്ധതികളുൾപ്പെടെയുള്ള കാർഷികവായ്പാ പദ്ധതികളെ പ്രസ്തുത തീരുമാനം ഹാനികരമായി ബാധിക്കുമെന്നത് പരിഗണിച്ച് കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന പലിശയിളവ് തുടരാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

*422. ശ്രീ.സി.കൃഷ്ണൻ

,, പി.കെ.ഗുരുദാസൻ

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും

സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് സമർപ്പിച്ച എം. മുരളി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ജൂൺ 25ന് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഉത്തരവ് കാർഷികമേഖലയ്ക്ക് അനുകൂലമെങ്കിൽ, കാർഷിക മേഖലയിലെ എല്ലാ ജോലികളും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

<u>കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്</u>

*423. ശ്രീ.സി.പി.മുഹമ്മദ്

,, എം.എ. വാഹീദ്

,, എം.പി.വിൻസെൻറ്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) കെട്ടിട നിർമ്മാണത്തിനുള്ള അനുമതി സുതാര്യമാക്കുന്നതിനും വേഗത്തിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്;

(ഡി) പെർമിറ്റിന് വിരുദ്ധമായി നിർമ്മാണം നടത്തുന്നത് കണ്ടുപിടിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ജൈവവളങ്ങളുടെയും കീടനാശിനികളുടെയും വിപണനം</u>

*424. ശ്രീ.ഇ.കെ.വിജയൻ

,, വി.എസ്.സുനിൽ കുമാർ

,, ജി.എസ്.ജയലാൽ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന പ്രധാനപ്പെട്ട ജൈവ വളങ്ങളും ജൈവ കീടനാശിനികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാന ലോബികൾ വിറ്റഴിക്കുന്ന ജൈവവളങ്ങളും ജൈവ കീടനാശിനികളും നിലവാരമില്ലാത്തതാണെന്ന് കൃഷി വിജ്ഞാനകേന്ദ്രം നടത്തിയ പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ നിലവിൽ ജൈവവള ഉല്പന്നവിപണിയിൽ ഏതെല്ലാം

തരത്തിലുള്ള നിയന്ത്രണങ്ങളുണ്ടെന്ന് വിശദമാക്കുമോ ;

(സി) ജൈവ വളങ്ങളുടെയും കീടനാശിനികളുടെയും പരിശോധനയ്ക്കായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ?

ഗോസുരക്ഷാ പദ്ധതി

*425. ശ്രീ.കെ.കെ.നാരായണൻ

,, ബി.ഡി. ദേവസ്സി

,, ബി.സത്യൻ

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസുരക്ഷാ പദ്ധതി ഇപ്പോൾ തുടരുന്നുണ്ടോ എന്ന് അറിയിക്കാമോ ;

(ബി) 2014 മാർച്ചിനു ശേഷം ഗോസുരക്ഷാ പദ്ധതിയിൽ കർഷകരുടെ വിഹിതം നൽകി അപേക്ഷ നൽകിയവർക്ക് സർക്കാർ വിഹിതം നൽകിയിട്ടില്ല എന്ന കാരണത്താൽ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിനും സർക്കാർ ഇൻഷ്വറൻസ് വിഹിതം അടയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വഴി വാണിഭം സംബന്ധിച്ച് സുപ്രീംകോടതിയുടെ വിധിന്യായം

T *426. ശ്രീ.സി.കെ.നാണു

,, മാത്യു റ്റി.തോമസ്

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴിവാണിഭം സംബന്ധിച്ച് 1989 -ൽ സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഗ്രാമസഭകളിലെ ജനപങ്കാളിത്തം

*427. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എം.എ.ബേബി

,, ബാബു എം. പാലിശ്ശേരി

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യം പൂർത്തീകരിക്കാൻ ഗ്രാമസഭകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകത സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഗ്രാമസഭകളുടെ പ്രവർത്തനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന തരത്തിലാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം പോരായ്മകളാണ് ദൃശ്യമായിട്ടുള്ളതെന്നറിയിക്കാമോ ;

(ഡി) പോരായ്മകൾ തിരുത്തി ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## മിൽമയുടെ പാൽ സംഭരണം.

*428. ശ്രീ.സി.കെ സദാശിവൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, കെ.വി.വിജയദാസ്

,, കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ സംഭരിക്കുന്ന പാലിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നമ്മുടെ ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ പാൽ ഇറക്കുമതിയിലൂടെ മിൽമ തട്ടിയെടുക്കുന്നു എന്ന പരാതിയെ സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) ഇവിടുത്തെ എല്ലാ ഗ്രാമീണ മേഖലകളിൽ നിന്നും പാൽ ശേഖരിക്കാൻ മിൽമ ശ്രമിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പാൽ സംഭരണം കാര്യക്ഷമമാക്കാതെ അന്യസംസ്ഥാനത്തെ നിലവാരമില്ലാത്ത പാൽ ഇറക്കുമതി ചെയ്യുന്നതിൽ മിൽമ അമിത താല്പര്യം കാണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്ന കരാറുകൾ.

T *429. ശ്രീ.ജോസ് തെറ്റയിൽ

,, മാത്യു റ്റി.തോമസ്

,, സി.കെ.നാണു

ശ്രീമതി.ജമീലാ പ്രകാശം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) WTO, ആസിയാൻ കരാർ, RECP മുതലായ ഒപ്പിട്ടതും, ഒപ്പിടേണ്ടതുമായ കരാറുകൾ കേരളത്തിന് എന്തെല്ലാം ദോഷങ്ങൾ ചെയ്യുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കരാറുകളിൽ കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പ്ലാന്റേഷൻ വകുപ്പ് എന്നിവയിലുള്ള കർഷകരെ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സംസ്ഥാനസർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) കർണ്ണാടകത്തിന്റെ സമ്മർദ്ദം മൂലം കേന്ദ്ര ഗവൺമെന്റ് അടയ്ക്ക ഇറക്കുമതിക്ക് കൂടിയ വില

നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുപോലെ ഏതെങ്കിലും വിളകൾക്ക് ഇറക്കുമതിക്കുള്ള തറവില നിശ്ചയിക്കുവാനോ ഇനങ്ങളുടെ തറവില ഇവിടുത്തെ കർഷകർക്ക് വേണ്ടി നിശ്ചയിക്കുന്ന വിലയ്ക്ക് താഴെ ഇറക്കുമതി ചെയ്യുവാനോ പാടില്ലായെന്ന നിർദ്ദേശം കേന്ദ്രസർക്കാരിന് സമർപ്പിച്ചുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഇ) ഏതെല്ലാം ഉല്പന്നങ്ങളെയും വിളകളെയുമാണ് സെൻസിറ്റീവ് ലിസ്റ്റിലോ ഹൈ സെൻസിറ്റീവ് ലിസ്റ്റിലോ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത്; അതിനു വേണ്ടിയുള്ള നിയമപരമായ നടപടികൾ എന്തെല്ലാമാണ് സ്വീകരിച്ചിരിക്കുന്നത് ?

<u>മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ</u>

*430. ശ്രീ.കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇവർക്കായി പ്രത്യക റഗുലേറ്ററി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>നഗരസഭാ മാസ്റ്റർ പ്ലാൻ</u>

*431. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, പി.എ.മാധവൻ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ബ്ലോക്ക് പഞ്ചായത്തുകളുടെ പുന:സംഘടന</u>

*432. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, എ.കെ.ബാലൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകളെ പുന:സംഘടിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

(ബി) ഇതിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിരുന്നുവോ ; എങ്കിൽ പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ വസ്തുതകൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(സി) നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആയിരിക്കണം പുന:സംഘടന എന്ന് ശിപാർശ ചെയ്യപ്പെട്ടിരുന്നുവോ ; എങ്കിൽ അതിനനുസൃതമായിട്ടാണോ ഇപ്പോൾ പുന:സംഘടന നടക്കുന്നത് എന്നറിയിക്കാമോ?

<u>തൊഴിലുറപ്പ പദ്ധതി</u>

*433. ശ്രീമതി.ഗീതാ ഗോപി

ശ്രീ.സി.ദിവാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ പദ്ധതിയിൽ ആസ്തി വികസനം ഉണ്ടാക്കുന്നതിൽ കേരളം പിന്നിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ സ്ഥിതി തുടർന്നാൽ പദ്ധതി ഫണ്ട് അനുവദിക്കുന്നതിനെക്കുറിച്ച് പുനർവിചിന്തനം വേണ്ടി വരുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) തൊഴിലുറപ്പ പദ്ധതി സംബന്ധിച്ച് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ആഡംബര വിവാഹം ഒഴിവാക്കാൻ നടപടി</u>

*434. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.ജി.സുധാകരൻ

ശ്രീമതി.കെ.കെ.ലതിക

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വനിതാ കമ്മീഷൻ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കമ്മീഷന്റെ പ്രാധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണ്;

(സി) ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ;

(ഡി) ആഡംബര വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനുതകുന്ന തരത്തിൽ നിയമനിർമ്മാണം

നടത്തുന്നതിന് തയ്യാറാകുമോ?

<u>ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ</u>

*435. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.ഡി.സതീശൻ

,, വർക്കല കഹാർ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ ഉല്പാദനത്തിൽ പ്രകടമായ മുന്നേറ്റത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

<u>കാർഷികമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി</u>

T *436. ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ.ഖാദർ

,, പി.ഉബൈദുള്ള

,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും പങ്കാളികളാക്കുന്നതിനുമുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ വിശദമാക്കുമോ ;

(ബി) അത്തരമൊരു പദ്ധതി നിലവിലില്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ച് അതുപ്രകാരം ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സംവിധാനം കൂടി ഏർപ്പെടുത്തി പദ്ധതി ആകർഷകമാക്കാനും കൂടുതൽ ചെറുപ്പക്കാരെ പദ്ധതിയിൽ പങ്കാളികളാക്കാനും നടപടി സ്വീകരിക്കുമോ ?

<u>റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമ നിർമ്മാണം</u>

*437. ശ്രീ.സണ്ണി ജോസഫ്

,, പി.എ.മാധവൻ

,, കെ.മുരളീധരൻ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ രംഗത്ത് തട്ടിപ്പ് നടത്തുന്നവർക്ക് പ്രസ്തുത നിയമത്തിൽ എന്തെല്ലാം ശിക്ഷകളാണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ;

(സി) ഫ്ലാറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ അടക്കം കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും വിൽപ്പനയും നിർമ്മാണവും നിയമവിധേയമാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിയമനിർമ്മാണം സംബന്ധിച്ച പ്രക്രിയ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>കാസർകോട്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകൾ</u>

*438. ശ്രീ.ആർ. രാജേഷ്

,, കെ.കെ.ജയചന്ദ്രൻ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്, വയനാട് ജില്ലകളിലെ കാർഷിക പാക്കേജുകളുടെ നിലവിലെ സ്ഥിതിയെന്തെന്ന് അറിയിക്കാമോ ;

(ബി) ഇവയിൽ ഏതിന്റെയൊക്കെ കാലാവധി അവസാനിച്ചുവെന്നറിയിക്കാമോ ;

(സി) കാലാവധി നീട്ടിക്കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എന്തെല്ലാം പോരായ്മകളാണ് പ്രസ്തുത പാക്കേജുകളുടെ നടത്തിപ്പിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>വയോജന കമ്മീഷൻ</u>

*439. ശ്രീ.കെ.രാജു

,, ഇ.ചന്ദ്രശേഖരൻ

,, മുല്ലക്കര രത്നാകരൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## നാളീകേര സംഭരണം

*440. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കാമോ?

## വിവാഹ ധൂർത്ത് തടയാൻ നടപടി

*441. ശ്രീ.ജി.എസ്.ജയലാൽ

,, പി.തിലോത്തമൻ

,, വി.ശശി

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിവാഹ ധൂർത്തിനെതിരായുള്ള വനിതാ കമ്മീഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## കർഷക കടാശ്വാസ കമ്മീഷൻ

*442. ശ്രീ.എം. ഹംസ

,, ഇ.പി.ജയരാജൻ

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കടാശ്വാസത്തിനായി കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക</u>

*443. ശ്രീ.എളമരം കരീം

,, വി.ചെന്താമരാക്ഷൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക തീർക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് തയ്യാറാകുമോ;

(ബി) പ്രസ്തുത കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നടത്തിപ്പും സാമ്പത്തിക പ്രതിസന്ധിയും</u>

*444. ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഇതുവരെയുള്ള നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) നടപ്പു പഞ്ചവത്സര പദ്ധതിയിലെ ഇതുവരെയുള്ള വാർഷിക പദ്ധതികളുടെ ചെലവ് തൃപ്തികരമാണോ ;

(സി) ഈ കാലയളവിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പദ്ധതികൾ ഏതെങ്കിലും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി പദ്ധതി നടത്തിപ്പിനെ ഏതൊക്കെ രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

<u>നേഴ്സിംഗ് ജോലിക്കായുള്ള റിക്രൂട്ട്മെന്റിലെ തട്ടിപ്പ്</u>

*445. ശ്രീ.പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ

,, അൻവർ സാദത്ത്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും

സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പ തടയുന്നതിനുള്ള നടപടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

<u>കേന്ദ്ര ബഡ്ജറ്റ് വിഹിതത്തിലെ കുറവ്</u>

T *446. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ബെന്നി ബെഹനാൻ

,, പാലോട് രവി

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റ് വിഹിതം കുറച്ചതിന് എതിരെ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാനം കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതെല്ലാം മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതമാണ് വെട്ടിക്കുറച്ചിട്ടുള്ളത്;

(സി) 'നീതി അയോഗ്' യോഗത്തിൽ ഇതിനെക്കുറിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിഷ്കരിക്കുന്നതിനെക്കുറിച്ചും എന്തെല്ലാം പ്രശ്നങ്ങളും നിർദ്ദേശങ്ങളുമാണ് ഉന്നയിച്ചിട്ടുള്ളത്?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ കാർഷിക മേഖലയ്ക്കുള്ള പ്രാധാന്യം</u>

*447. ശ്രീ.റ്റി.വി.രാജേഷ്

,, എം.എ.ബേബി

,, ജി.സുധാകരൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉല്പാദന മേഖലയ്ക്ക് നിശ്ചയിച്ചിരുന്ന കുറഞ്ഞ പരിധി ഇല്ലാതായത് കാർഷിക മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഗ്രാമീണമേഖലയിലെ കൃഷിയെ ഇത് എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) കൃഷി വകുപ്പ് മുന്നോട്ടു വച്ച പല പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മതിയായ പിന്തുണയില്ലാത്തതിനാൽ പരാജയപ്പെടുന്ന അവസ്ഥ സംജാതമായിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണവേളയിൽ കൃഷിക്ക് പ്രാധാന്യം നൽകുന്നതിന് കൃഷി വകുപ്പിന്റെ താഴെത്തട്ടിലെ ഓഫീസുകൾ എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ?

## ഓൺലൈൻ ദേശീയ കാർഷിക വിപണി

*448. ശ്രീ.കെ. ദാസൻ

,, ഇ.പി.ജയരാജൻ

,, പി.ശ്രീരാമകൃഷ്ണൻ

,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ കാർഷിക വിപണിയെ സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള കാർഷികോല്പന്ന വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഓൺലൈൻ വിപണിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ നിലവിലുള്ള ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നുവോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

## സംയോജിത കന്നുകാലി വികസന പദ്ധതി

*449. ശ്രീ.ബെന്നി ബെഹനാൻ

,, ആർ . സെൽവരാജ്

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഈ പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്നു വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

## പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്താൻ നടപടി

*450. ശ്രീ.റ്റി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസി നിക്ഷേപം വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രവാസി നിക്ഷേപം, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്നതിനും സുസ്ഥിര വികസനത്തിനും പരമാവധി ഉപയോഗപ്പെടുത്തും വിധം പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദേശ മലയാളികളുടെ നിക്ഷേപം സംസ്ഥാന വികസനത്തിനും, ഒപ്പം പ്രവാസികളുടെ ക്ഷേമപ്രവർത്തങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
12-07-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.